2024
MARCH
27
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## അമുൽ പാൽ ഇനി അമേരിക്കയിലേക്കും




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പാൽ, പാലുത്പന്ന ബ്രാൻഡായ അമുൽ അമേരിക്കയിലേക്കും ചുവടുവയ്ക്കുന്നു. ഗുജറാത്ത് കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ (ജിസിഎംഎംഎഫ്) ആദ്യമായി ഇന്ത്യയ്ക്ക് പുറത്തേക്ക് പാൽ കയറ്റുമതി ചെയ്യുകയാണ്. ഇതിൻറെ ഭാഗമായി ഒരാഴ്ചയ്ക്കുള്ളിൽ അമുൽ പാലിൻറെ അമുൽ താസ, അമുൽ ഗോൾഡ്, അമുൽ ശക്തി, അമുൽ സ്ലിം എൻ ട്രിം എന്നീ നാല് വേരിയൻറുകൾ യുഎസ് വിപണിയിൽ അവതരിപ്പിക്കും.

പതിറ്റാണ്ടുകളായി അമുൽ 50ഓളം രാജ്യങ്ങളിൽ വിവിധ പാലുത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ആദ്യമായാണ് കമ്പനി ഇന്ത്യയ്ക്ക് പുറത്ത് പാൽ പുറത്തിറക്കുന്നത്. ഇതിനായി ഫെഡറേഷൻ 108 വർഷം പഴക്കമുള്ള സഹകരണ സംഘടനയായ മിഷിഗൺ മിൽക്ക് പ്രൊഡ്യൂസേഴ്സ് അസോസിയേഷനുമായി (എംഎംപിഎ) സഹകരിച്ചിട്ടുണ്ട്. മിഷിഗൺ മിൽക്ക് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പാൽ ശേഖരണവും സംസ്കരണവും കൈകാര്യം ചെയ്യുമ്പോൾ, ഗുജറാത്ത് കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ അമുൽ ഫ്രഷ് പാലിൻറെ വിപണനത്തിനും ബ്രാൻഡിങ്ങിനും മേൽനോട്ടം വഹിക്കും.

ന്യൂയോർക്ക്, ന്യൂജേഴ്സി, ഷിക്കാഗോ, വാഷിങ്ടൺ, ഡാലസ്, ടെക്സസ് തുടങ്ങിയ പ്രധാന നഗരങ്ങളെയാണ് തുടക്കത്തിൽ ലക്ഷ്യമിടുന്നത്. പ്രധാനമായും പ്രവാസി ഇന്ത്യക്കാരെയും ഏഷ്യൻ വിഭാഗക്കാരെയും കേന്ദ്രീകരിച്ചാകും വിൽപ്പന നടത്തുക. പനീർ, തൈര്, മോര് എന്നിവയുൾപ്പെടെയുള്ള മറ്റ് പാൽ ഉത്പന്നങ്ങളും ഇവിടങ്ങളിൽ പുറത്തിറക്കാൻ കമ്പനി പദ്ധതിയിടുന്നുണ്ട്.

# മുദ്ര വായ്പ: കൂടുതൽ ലഭിച്ചത് കേരളത്തിൽ

**ന്യൂദൽഹി:** ചെറുകിട സംരംഭകരെ സഹായിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നടപ്പിലാക്കിയ മുദ്ര യോജനയിൽ, ഭാരതത്തിൽ ഏറ്റവും കൂടുതൽ വായ്പകൾ അനുവദിച്ചത് കേരളത്തിൽ. നടപ്പ് സാമ്പത്തിക വർഷം 19.13 ലക്ഷം അപേക്ഷകർക്കായി 17,319.95 കോടി രൂപയുടെ വായ്പയാണ് സംസ്ഥാനത്ത് അനുവദിച്ചത്. ഇതിൽ 17,179.58 കോടി രൂപ വിതരണം ചെയ്തതായും കണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 17.81 ലക്ഷം പേർക്കായി അനുവദിച്ചത് 15,079 കോടി രൂപയായിരുന്നു.

അധഃസ്ഥിതർക്കും ദുർബല സാമ്പത്തിക വിഭാഗങ്ങളിൽപെട്ടവർക്കും ചെറുകിട വ്യാപാരം തുടങ്ങാനും നിലവിലുള്ളവ വിപുലീകരിക്കാനും ഈടുകൾ ഒന്നും നല്കാതെ 10 ലക്ഷം രൂപ വരെ വായ്പ നല്കുന്ന കേന്ദ്രപദ്ധതിയാണ് 'പ്രധാനമന്ത്രി മുദ്ര യോജന'.

ബാല, കിഷോർ, തരുൺ എന്നിങ്ങനെ മൂന്ന് വിഭാഗമായാണ് മുദ്ര ലോൺ അനുവദിക്കുക. 50,000 രൂപ വരെ ബാല, അഞ്ചു ലക്ഷം രൂപ




വരെ കിഷോർ, 10 ലക്ഷം വരെ തരുൺ വിഭാഗത്തിലുമാണ് അനുവദിക്കുന്നത്. ഇതിൽ കിഷോർ വിഭാഗത്തിലാണ് കേരളത്തിൽ ഏറ്റവുമധികം വായ്പ നല്കിയത്. ഈ സാമ്പത്തിക വർഷം തീരാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ കിഷോർ വിഭാഗത്തിൽ 8.05 ലക്ഷം അപേക്ഷകർക്കായി 9,123.70 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 9,047 കോടി രൂപ ഇതിനകം വിതരണവും ചെയ്തു.

തരുൺ വിഭാഗത്തിൽ 47,293 അപേക്ഷകളിലായി 4,370.32 കോടി അനുവദിക്കുകയും അതിൽ 4,320.15 കോടി വിതരണവും ചെയ്തു. ബാല വിഭാഗത്തിൽ 3,825.93 കോടി രൂപ അനുവദിക്കുകയും 3,812.43 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.

ബാങ്ക്, ഇതര ധനകാര്യ സ്ഥാപനങ്ങൾ, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് മുദ്ര ലോൺ ലഭിക്കുക. ഈ സാമ്പത്തിക വർഷം മുദ്ര വായ്പാ തുക അഞ്ചു ലക്ഷം കോടി കടക്കുമെന്നാണ് റിപ്പോർട്ട്. ഈ മാർച്ച് മധ്യത്തോടെ ദേശീയതലത്തിൽ 6.3 ലക്ഷം അപേക്ഷകർക്കായി 4.93 ലക്ഷം കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 4.85 ലക്ഷം കോടിയും വിതരണം ചെയ്തു.പദ്ധതിക്ക് തുടക്കമിട്ട 201516ൽ 1.32 ലക്ഷം കോടി രൂപ വിതരണം ചെയ്തു. 1617ൽ 1.75 ലക്ഷം കോടി, 1718ൽ 2.46 കോടി, 1819ൽ 3.11 ലക്ഷം കോടി, 1920ൽ 3.29 കോടിയും വിതരണം ചെയ്തു.

2021ൽ 3.1 ലക്ഷം കോടി 2122ൽ 3.31 ലക്ഷം കോടി, 2223ൽ 4.56 ലക്ഷം കോടി രൂപ എന്നിങ്ങനെയായിരുന്നു വായ്പാ വിതരണം.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ചെറുകിട വ്യാപാരം തുടങ്ങാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക വളർച്ച നേടാനും ഈ പദ്ധതി സഹായകമാണ്.

## 70,000 ഡോളർ കടന്ന് ബിറ്റ്കോയിൻ

**കൊച്ചി:** ഏറ്റവും വലിയ ക്രിപ്റ്റോ കറൻസിയായ ബിറ്റ്കോയിൻ കുതിപ്പ് തുടരുകയാണ്. ആദ്യഘട്ട വ്യാപാരത്തിൽ 70,000 ഡോളറിൽ ബിറ്റ്കോയിൻ തിരിച്ചെത്തി. യുഎസ് എക്സ്ചേഞ്ച്ട്രേഡഡ് ഫണ്ടുകളിൽ നിന്നും നിക്ഷേപകരുടെ ഒഴുക്ക് കുറഞ്ഞത് ക്രിപ്റ്റോ കറൻസികൾ കുതിക്കാൻ കാരണം. കഴിഞ്ഞ ആഴ്ച ഇടിഎഫുകളിൽ നിന്ന് ഏകദേശം 900 മില്യൺ ഡോളറോളമാണ് പിൻവലിച്ചത്.

ഗ്രേസ്കെയിൽ ബിറ്റ്കോയിൻ ട്രസ്റ്റിൽ നിന്നുള്ള തുടർച്ചയായ വിൽപ്പനയും ബ്ലാക്ക്റോക്ക്, ഫിഡിലിറ്റി ഇൻവെസ്റ്റ്മെൻറ് എന്നിവയിൽ നിന്നുള്ള ഓഫറുകൾക്കുള്ള സബ്സ്ക്രിപ്ഷനുകളുടെ മോഡറേഷനും പിൻവലിക്കലിന് കാരണമായി. പത്തു ഫണ്ടുകളുടെ ഗ്രൂപ്പ് ജനുവരിയിൽ ആരംഭിച്ചതിന് ശേഷമുള്ള വർഷത്തിലെ ഏറ്റവും മോശം ആഴ്ചകളിലൊന്നാണ് കണ്ടത്.

മിക്ക ഡിജിറ്റൽ കോയിനുകളും ഇന്നലത്തെ വ്യാപാരത്തിൽ ഉയർന്നു. ബിറ്റ്കോയിൻ 7.1 ശതമാനം ഉയർന്ന് 70,816 ഡോളറിലെത്തി. ഒരാഴ്ചയ്ക്കിടെ ടോക്കൺ 70,000 ഡോ



ളറിനു മുകളിൽ വരുന്നത് ഇതാദ്യമാണ്. ഏഥർ ഏകദേശം 6 ശതമാനം വർധനയും സോളാന ഡോജ് കോയിൻ 4 ശതമാനത്തിലധികവും ഉയർന്നു.

ഈ വർഷത്തെ ഏറ്റവും വലിയ ക്രിപ്റ്റോ കറൻസിയിലെ റാലിക്ക് പിന്നിലെ പ്രധാന കാരണം ബിറ്റ്കോയിൻ ഇടിഎഫുകളോടുള്ള നിക്ഷേപകരുടെ വർധിച്ചു വരുന്ന താത്പര്യമാണ്.

ഫണ്ടുകളിലേക്കുള്ള ശക്തമായ ഒഴുക്ക്, നിക്ഷേപകരിൽ ക്രിപ്റ്റോകളോടുള്ള ശുഭാപ്തിവിശ്വാസം അതികരിപ്പിച്ചു.

ക്രിപ്റ്റോയുമായി ബന്ധപ്പെട്ട കമ്പനികളുടെ ഓഹരികളും കുതിച്ചു. ബിറ്റ്കോയിൻ പ്രോക്സി മൈക്രോസ്ട്രാറ്റജി 20 ശതമാനവും ക്രിപ്റ്റോ എക്സ്ചേഞ്ച് കോയിൻബേസ് ഗ്ലോബൽ 9 ശതമാനവും മൈനർ മാരത്തൺ ഡിജിറ്റൽ അഞ്ചു ശതമാനവും ഉയർന്നു.



### സെർവിക്കൽ ക്യാൻസർ ബോധവൽക്കരണം

# ഫൺ റൺ ഏപ്രിൽ ഏഴിന്; രജിസ്ട്രേഷൻ ആരംഭിച്ചു

UPI ID: sujmanoj@okaxis

**കൊച്ചി:** സ്ത്രീകളിൽ വർധിച്ചുവരുന്ന സെർവിക്കൽ ക്യാൻസർ തടയാൻ യഥാസമയം പരിശോധന നടത്തുക, ക്യാൻസർ പ്രതിരോധത്തിന് എച്ച്പിവി വാക്സിൻ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 സി, ജില്ലാ ഭരണകൂടം, ജിസിഡിഎ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐഎപി), ഇൻഡ്യൻ ഡെന്റൽ അസോസിയേഷൻ കൊച്ചി ശാഖ, സൊറോപ്റ്റിമിസ്റ്റ് ഇന്റർനാഷണൽ കൊച്ചി, ഗൈനക്ക് സൊസൈറ്റി ഓഫ് കൊച്ചി ആന്റ് അങ്കമാലി, സ്പോർട്സ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റിയൂട്ട് (എസ്എംആർ ഐ) എന്നിവർ സംയുക്തമായി ഏപ്രിൽ ഏഴിന് എറണാകുളത്ത് ഫൺ റണ്ണും ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കും.

കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നിന്നും രാവിലെ ആറിന് ആരംഭിക്കുന്ന ഫൺ റൺ തമ്മനം വഴി തിരികെ സ്റ്റേഡിയത്തിൽ സമാപിക്കും. തുടർന്ന് സെർവിക്കൽ ക്യാൻസർ രോഗ വിദഗ്ദരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസും നടക്കും. ഒമ്പതു മുതൽ 14 വയസുവരെ പ്രായമുള്ള പെൺകുട്ടികൾക്ക് എച്ച്പിവി വാക്സിനേഷനുള്ള രജിസ്ട്രേഷൻ സൗകര്യവും ഇതോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. ഡിസ്ക്കൗണ്ട് നിരക്കിലാണ് വാക്സിനേഷൻ ലഭ്യമാക്കുന്നത്.അമൃത ഹോസ്പിറ്റൽ ആണ് പ്രോഗ്രാമിന്റെ ഹെൽത്ത് പാർടണർ. ഇവിഎം സ്കോഡ, ഇൻഡെൽ മണി എന്നിവരാണ് പ്രോഗ്രാമിന്റെ സ്പോൺസർമാർ.പ്രോഗ്രാമിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ മുൻ കൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഗൂഗിൾ ഫോം വഴിയാണ് രജിസ്ട്രേഷൻ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9895050999, 8281521731 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# ഐസിഐസിഐ പ്രുഡെൻഷ്യലിന് 98.6 ശതമാനം ക്ലെയിം സെറ്റിൽമെന്റ്

**തിരുവനന്തപുരം:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് 2024 സാമ്പത്തിക വർഷത്തിലെ ആദ്യ ഒൻപതു മാസങ്ങളിൽ 98.6 ശതമാനം എന്ന മികച്ച ക്ലെയിം സെറ്റിൽമെന്റ് നിരക്കു കൈവരിച്ചതായി കമ്പനി അധികൃതർ അറിയിച്ചു.

ആദ്യ ത്രൈമാസത്തിൽ 98.10 ശതമാനം എന്ന നിരക്കായിരുന്നു കൈവരിച്ചിരുന്നത്. രണ്ടാം ത്രൈമാസത്തിൽ ഇത് 98.14 ശതമാനവും മൂന്നാംത്രൈ തമാസത്തിൽ 98.52 ശതമാനവും ആയി. അന്വേഷണങ്ങൾ ആവശ്യമില്ലാത്ത ക്ലെയിമുകളിൽ സെറ്റിൽമെന്റിനായി എടുക്കുന്ന ശരാശരി സമയം 1.3 ദിവസമാണെന്നും 2023 ഡിസംബറിൽ അവസാനിച്ച ഒൻപതു മാസങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നു. അർഹമായ ഡെത്ത് ക്ലെയിമുകളിൽ എല്ലാ രേഖകളും ലഭിച്ച് ഒരു ദിവസത്തിനു ശേഷം അവ സെറ്റിൽ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയാണ് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് പിന്തുടരുന്നതെന്ന് കമ്പനി അവകാശപ്പെടുന്നു. 214.70 കോടി രൂപ വരുന്ന 3070 ഡെത്ത് ക്ലെയിമുകളാണ് കഴിഞ്ഞ ഒൻപതു മാസങ്ങളിൽ ക്ലെയിം ഫോർ ഷ്വറിനു കീഴിൽ തീർപ്പാക്കിയതെന്നും കമ്പനി അറിയിച്ചു.

## പുതിയ ക്യാംപയിനുമായി തംസ് അപ്പ്

**കൊച്ചി:** കൊക്കക്കോള കമ്പനിയുടെ ഏറ്റവും പുതിയ പാനീയ ബ്രാൻഡായ ചാർജ്ജ്ഡ് ബൈ തംസ് അപ്പിന്റെ പുതിയ ക്യാമ്പയിൻ അവതരിപ്പിച്ചു. "മൈൻഡ് ചാർജ്ജ്ഡ്, ബോഡി ചാർജ്ജ്ഡ്" എന്ന ക്യാമ്പയിനിൽ ആമിർ ഖാനും ദർശിൽ സഫാരിയും പങ്കാളികളാകും.ഒഗിൽവിയുടെ ആശയത്തിൽ ആമിർ ഖാനും ദർശിൽ സഫാരിയും ആകർഷകമായ ദൃശ്യവിവരണങ്ങളാണ് പുതിയ പരസ്യത്തിൽ അവതരിപ്പിക്കുന്നത്. വലിയ ക്യാൻവാസിൽ ചിത്രീകരിച്ചിരിക്കുന്ന പരസ്യ ചിത്രത്തിൽ യഥാർത്ഥ ജീവിത സാഹചര്യങ്ങളെക്കാൾ വലിയ സന്ദർഭങ്ങളെ നേരിടാൻ ആമിർ ഖാൻ വിവിധ വേഷങ്ങളിലെത്തുന്നു. ശാരീരിക ചടുലതയും മാനസിക ഉണർവും ആവശ്യമുള്ള അസാധ്യവും വലുതുമായ നേട്ടങ്ങൾ കൈവരിക്കാൻ ചാർജ്ജ്ഡ് എങ്ങനെ സഹായിക്കും എന്ന് ചിത്രീകരിക്കുന്നതാണ് പരസ്യ ചിത്രം. ജീവിതം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പുതു തലമുറയെ പ്രോത്സാഹിപ്പിക്കുന്ന ക്യാമ്പയിൻ ഉൽപ്പന്നത്തിന്റെ എഫക്ടുകളും ഉയർത്തിക്കാട്ടുന്നു



# ഗ്ലോബൽ പബ്ലിക് സ്കൂളിൽ എഐ, ചിത്രകലാ പ്രദർശനം ഇന്നുകൂടി

**കൊച്ചി:** ഗ്ലോബൽ എഡ്യൂക്കേഷൻ ട്രസ്റ്റിനു കീഴിലുള്ള വിദ്യാലയങ്ങളായ ഗ്ലോബൽ പബ്ലിക് സ്കൂളിലെയും ജിപിഎസ് ഇന്റർനാഷ്ണലിലെയും വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന ആർട്ടിഫിക്കൽ ഇന്റലിജൻസ്, അടൽ ടിങ്കറിംഗ് ലാബ് പ്രൊജക്റ്റുകൾ, ചിത്രകല എന്നിവയുടെ പ്രദർശനം ഇന്നുകൂടി.

ചിയാറെസ്ക്യൂറോ എന്ന് പേരിട്ടിരിക്കുന്ന കലാ പ്രദർശനത്തിൽ സ്കൂളിലെ ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസുവരെയുള്ള എല്ലാ കുട്ടികളുടെയും ഓരോ ചിത്രങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് പ്രദർശനം ഒരുക്കിയത്. എണ്ണൂറ് കുട്ടികൾ തയ്യാറാക്കിയ ഈ പ്രദർശനത്തിൽ ആനയും, ആമയും മാത്രമല്ല ബഹിരാകാശം വരെയെത്തുന്ന എണ്ണൂറ് ചിത്രങ്ങൾ പുതുമ നിറഞ്ഞ കാഴ്ച സമ്മാനിക്കുന്നു. പെൻസിൽ ക്രയോൺസ്, ഓയിൽ പേസ്റ്റൽ, വാട്ടർ കളർ, അക്രിലിക് എന്നിവയിൽ തയ്യാറിക്കിയിട്ടുള്ള സൃഷ്ടികൾ കാണുവാൻ ആയിരത്തോളം രക്ഷിതാക്കളാണ് എത്തിയത്. മൈൻഡ്സ്കേപ്പ് ടിങ്കറിങ് ഇൻ എഐ പ്രദർശനത്തിൽ 9, 11 ഗ്രേഡുകളിലെ വിദ്യാർത്ഥികൾ സൃഷ്ടിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ട്, മിഡിൽ സ്കൂളിൽ നിന്നുള്ള ടിങ്കറിംഗ് പ്രോജക്റ്റുകൾ എന്നിവയുടെ പ്രദർശനമാണുള്ളത്. കൂടാതെ എഐ ടൂളുകളെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവുകൾ മൈൻഡ്സ്കേപ്പ് പ്രദർശനത്തിലൂടെ നേടാനും അവസരമുണ്ട്.ഗ്ലോബൽ എജ്യുക്കേഷൻ ട്രസ്റ്റ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി തിരുവാണിയൂർ കാമ്പസിൽ നടക്കുന്ന പ്രദർശനം ഇന്ന്(27032024) സമാപിക്കും. ഇന്ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് 12 വരെ പൊതുജനങ്ങൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 8606986843 എന്ന നമ്പറിൽ ബന്ധപ്പെടാം.




# എറണാകുളം ഗവണ്മെന്റ് എൽ പി സ്കൂളിൽ കോൺവൊക്കേഷൻ നടത്തി

**കൊച്ചി :** എറണാകുളം ഗവണ്മെന്റ് എൽ പി സ്കൂൾ നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി കോൺവൊക്കേഷൻ സംഘടിപ്പിച്ചു. 35 വിദ്യാർത്ഥികൾ ഗൗണും തൊപ്പിയുമണിഞ്ഞു സർട്ടിഫിക്കേറ്റുകൾ ഏറ്റുവാങ്ങി.ഇതാദ്യമായാണ് സ്കൂളിൽ കോൺവൊക്കേഷൻ നടത്തുന്നതെന്ന് ഹെഡ്മാസ്റ്റർ സാബു ജേക്കബ് പറഞ്ഞു. കുട്ടികൾക്കു നല്ല ഓർമ്മകൾ സമ്മാനിക്കുന്ന ഒരു വേദി കൂടെയാണിതെന്നും സാബു ജേക്കബ് പറഞ്ഞു.അധ്യാപക രക്ഷാകർതൃ സമിതിയാണ് ചടങ്ങ് സംഘടിപ്പിക്കാൻ തീരുമാനിച്ചത്.അധ്യാപന ജീവിതത്തിൽ നിന്നും വിരമിക്കുന്ന ബജിനി വി സി ക്ക് യാത്രയയപ്പും നടത്തി.മഹാരാജാസ് കോളേജ് മലയാള വിഭാഗം മേധാവി ഡോ സുമി ജോയി ഒലിയപ്പുറം, പിടിഎ പ്രസിഡന്റ് ലിബിൻ കെ തങ്കച്ചൻ,വൈസ് പ്രസിഡന്റ് ബിജു പണിക്കർ,എസ് എംസി ചെയർമാൻ സിജു പിഎൻ, എന്നിവർ പങ്കെടുത്തു

# ഡോളർ ഫിക്സഡ് ഡെപ്പോസിറ്റുകൾ ഡിജിറ്റലായി ആരംഭിക്കാൻ ആക്സിസ് ബാങ്ക്

**കൊച്ചി:** ആക്സിസ് ബാങ്ക് ഐബിയു ഗിഫ്റ്റ് സിറ്റിയിലെ ഉപഭോക്താക്കൾക്ക് അമേരിക്കൻ ഡോളറിലെ സ്ഥിര നിക്ഷേപങ്ങൾ ഡിജിറ്റലായി ആരംഭിക്കാം. ഏഴു ദിവസം മുതൽ പത്തു വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങളാണ് ഇങ്ങനെ ആരംഭിക്കാനാവുക.പൂർണമായും കടലാസ്രഹിതമായ ഈ ഡിജിറ്റൽ അക്കൗണ്ടുകൾ എവിടെ നിന്നും എപ്പോഴും ആരംഭിക്കുകയും ഡിജിറ്റലായി മാനേജു ചെയ്യുകയും സാധ്യമാകും. ആക്സിസ് ബാങ്ക് മൊബൈൽ ആപ്പിലൂടെ ഇവ കാലാവധിക്കു മുൻപേ പൂർണമായോ ഭാഗികമായോ പിൻവലിക്കുവാനുള്ള അപേക്ഷയും നൽകാനാവും. ലീഡിങ് ബാങ്ക് എന്ന നിലയിൽ ഗിഫ്റ്റ് സിറ്റിയെ ആഗോള തലത്തിലെ നിക്ഷേപകരുടെ താൽപര്യമുള്ള സാമ്പത്തിക സേവന കേന്ദ്രമാക്കി മാറ്റാനുള്ള സർക്കാർ കാഴ്ചപ്പാടിനെ പിന്തുണക്കാനുള്ള പ്രതിബദ്ധതയാണ് തങ്ങൾക്കുള്ളതെന്ന് ആക്സിസ് ബാങ്ക് പ്രസിഡൻറും ഹോൾസെയിൽ ബാങ്കിങ് പ്രൊഡക്ട്സ് മേധാവിയുമായ വിവേക് ഗുപ്ത പറഞ്ഞു.

# ഭാരതി ഹെക്സാകോം ലിമിറ്റഡ് ഐപിഒ ഏപ്രിൽ മൂന്ന് മുതൽ

**കൊച്ചി:** ടെലിഫോൺ സേവന ദാതാക്കളായ ഭാരതി ഹെക്സാകോം ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഏപ്രിൽ മൂന്ന് മുതൽ അഞ്ച് വരെ നടക്കും. നിലവിലുള്ള ഓഹരി ഉടമകളുടെ 7.5 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 542 രൂപ മുതൽ 570 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 26 ഓഹരികൾക്കും തുർന്ന് 26 ന്റെ ?ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബിഒബി ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# രാഷ്ട്രീയ രക്ഷാ സർവകലാശാല സമ്മേളനം ഇന്ന്

**കൊച്ചി :**കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ ഗുജറാത്ത് ആസ്ഥാനമായുള്ള രാഷ്ട്രീയ രക്ഷാ സർവ്വകലാശാല, 2024 മാർച്ച് 27 ന് കൊച്ചിയിലെ ഹോട്ടൽ ഗോകുലം പാർക്കിൽ കോൺക്ലേവ് സംഘടിപ്പിക്കുന്നു . നാവികസേനാംഗങ്ങൾ, തീരദേശ സുരക്ഷാ ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, മാരിടൈം ബോർഡിലെ ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ എന്നിവരുൾപ്പെടെയുള്ളവരുടെ പങ്കാളിത്തത്തിന് സമ്മേളനം സാക്ഷ്യം വഹിക്കും. ആഭ്യന്തര സുരക്ഷയ്ക്ക് ഊന്നൽ നൽകുന്ന വിദ്യാഭ്യാസം പ്രധാനം ചെയ്യുന്നതിൽ ഞഞഡന്റെ പ്രധാന പങ്കിനെക്കുറിച്ച് അവബോധം വളർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ പിന്നിലെ പ്രാഥമിക ലക്ഷ്യം.

പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് രാഷ്ട്രീയ രക്ഷാ സർവകലാശാല ഇന്ത്യയിലെ പരമ്പരാഗത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് എങ്ങനെ വേറിട്ടുനിൽക്കുന്നു എന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ ലഭിക്കും. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷ വർധിപ്പിക്കുന്നതിന് നേരിട്ട് സംഭാവന ചെയ്യുന്ന ഞഞഡ വാഗ്ദാനം ചെയ്യുന്ന പ്രത്യേക കോഴ്സുകളെക്കുറിച്ച് അറിയാനുള്ള അവസരവും ലഭിക്കും.

സർവ്വകലാശാലയിലെ അദ്ധ്യാപനം, ഗവേഷണം, വിദ്യാഭ്യാസം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ട്രീ ആശയത്തിന്റെ ആമുഖമായിരിക്കും കോൺക്ലേവിന്റെ ഒരു പ്രധാന ആകർഷണം .

രാഷ്ട്രീയ രക്ഷാ സർവകലാശാലയിലെ ഉദ്യോഗസ്ഥർ വിവിധ കോഴ്സുകൾ, പരിശീലന പരിപാടികൾ, ഗവേഷണ അവസരങ്ങൾ, വിപുലീകരണ സംരംഭങ്ങൾ, ഇന്റേൺഷിപ്പുകൾ, പ്ലെയ്സ്മെന്റുകൾ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ നൽകും.

# സൂപ്പർ വുമൺ കാമ്പയിനുമായി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** 137 വർഷത്തെ പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (മുത്തൂറ്റ് ബ്ലൂ) മുൻനിര കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡും (എംഎഫ്എൽ) രാജ്യത്തെ മുൻനിര എൻബിഎഫ്സികളിലൊന്നായ മുത്തൂറ്റ് ഫിൻകോർപ്പും ചേർന്ന് രാജ്യത്തെ അംഗീകരിക്കപ്പെടാത്ത വനിത സംരംഭകരെ കണ്ടെത്തി ആദരിക്കുന്നതിനായി മുത്തൂറ്റ് ഫിൻകോർപ്പ് സൂപ്പർ വുമൺ കാമ്പയിൻ നടത്തുന്നു.അർഹരായ 3 വനിതാ സംരഭകരെ ലോകത്തിനു മുന്നിൽ പരിചയപ്പെടുത്തുന്ന ഈ കാമ്പയിൻ ജൂണിൽ സമാപിക്കും. അവരുടെ പ്രചോദനാത്മകമായ കഥകൾ പങ്കുവെക്കുന്നതിനൊപ്പം ഈ സൂപ്പർ വുമണുകളെ പ്രത്യേകം ആദരിക്കാനും മുത്തൂറ്റ് ഫിൻകോർപ്പ് ലക്ഷ്യമിടുന്നുണ്ട്. കാമ്പയിന്റെ ആരംഭമെന്നോണം എം.എഫ്.എല്ലിന്റെ വനിതാ ഉപഭോക്താക്കളെ സോഷ്യൽ മീഡിയ പേജുകളിൽ (ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ലിങ്ക്ഡ്ഇൻ & എക്സ്) ഫീച്ചർ ചെയ്യും. താത്പര്യമുള്ളവർക്ക് തങ്ങളുടെ പരിചയത്തിലുള്ള സംരഭകയായ 'സൂപ്പർ വുമണിനെ'ക്കുറിച്ച് ഈ പോസ്റ്റിലെ കമന്റിലോ publicrelations@muthoot.com എന്ന ഇമെയിൽ വിലാസത്തിലോ വിവരങ്ങൾ നൽകാം.







**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ നാഷണൽ സർവ്വീസ് സ്കീം അവാർഡ് ദാന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു. രജിസ്ട്രാർ ഡോ. ഉണ്ണികൃഷ്ണൻ പി., നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന ലെയ്സൺ ഓഫീസർ ഡോ. അൻസർ ആർ. എൻ., പ്രോഗ്രാം കോഓർഡിനേറ്റർ ഡോ. ടി. പി. സരിത എന്നിവർ സമീപം.**

# സംസ്കൃത സർവ്വകലാശാല: കാലടി മുഖ്യക്യാമ്പസും തിരൂർ ക്യാമ്പസും മികച്ച എൻ എസ് എസ് യൂണിറ്റുകൾ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ 2022 23 അധ്യയന വർഷത്തിലെ മികച്ച നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളായി കാലടി മുഖ്യ ക്യാമ്പസ് (യൂണിറ്റ് 10), തിരൂർ ക്യാമ്പസ് (യൂണിറ്റ് 11) എന്നിവ തെരഞ്ഞെടുക്കപ്പെട്ടു.

ഡോ. ഷെഫി എ. ഇ., ഡോ. ജിനിത കെ. എസ്. എന്നിവരാണ് മികച്ച പ്രോഗ്രാം ഓഫീസർമാർ. വൃന്ദദാസ്, ഗോകുൽ എസ്., അമൽ കൃഷ്ണ ടി. ആർ., ശ്രീലക്ഷ്മി വി. വി., അനീന എസ്. ജോൺ എന്നിവരെ മികച്ച വോളണ്ടിയർമാരായും തെരഞ്ഞെടുത്തു. കാലടി മുഖ്യക്യാമ്പസിൽ ചേർന്ന എൻ എസ് എസ് അവാർഡ് ദാന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്തു.

സർവ്വകലാശാല നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോഓർഡിനേറ്റർ ഡോ. ടി. പി. സരിത അധ്യക്ഷയായിരുന്നു. നാഷണൽ സർവ്വീസ് സ്കീം സംസ്ഥാന ലെയ്സൺ ഓഫീസർ ഡോ. അൻസർ ആർ. എൻ. മുഖ്യാതിഥിയായിരുന്നു.

രജിസ്ട്രാർ ഡോ. ഉണ്ണികൃഷ്ണൻ പി., സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ. ലൂക്കോസ് ജോർജ്ജ്, ഡോ. കെ. എൽ. പത്മദാസ്, ഡോ. എം. ജെൻസി എന്നിവർ പ്രസംഗിച്ചു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അവാർഡുകൾ വിതരണം ചെയ്തു.

# മ്യൂസിയോളജി പഠിച്ചാൽ അവസരങ്ങളേറെ

**സംസ്കൃത സർവ്വകലാശാലയിൽ എം. എ. (മ്യൂസിയോളജി)യ്ക്ക് ഇപ്പോൾ അപേക്ഷിക്കാം; അവസാന തീയതി ഏപ്രിൽ എഴ്**



**കൊച്ചി** മ്യൂസിയങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് മ്യൂസിയോളജി. മ്യൂസിയോളജിയിൽ തികഞ്ഞ ശാസ്ത്രീയ അവബോധം നേടിയ വ്യക്തികൾക്കു മാത്രമേ കാലാധിവർത്തിയായി മ്യൂസിയങ്ങളെ നിലനിർത്താനാകൂ. സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട പല പ്രായത്തിലുള്ളവരാണ് മ്യൂസിയങ്ങൾ സന്ദർശിക്കുക. വിവിധ തരത്തിലുള്ള മ്യൂസിയങ്ങളാണുള്ളത്. അവിടെ എത്തുന്ന സന്ദർശകർക്ക് മ്യൂസിയങ്ങളുടെ പ്രാധാന്യവും അവിടെ അണിനിരത്തിയിരിക്കുന്ന വസ്തുക്കളുടെ മൂല്യവും ചരിത്രവും അത് എപ്രകാരമാണ് സംരക്ഷിക്കപ്പെട്ടിരിക്കുന്നതെന്ന അറിവും പകർന്നു നൽകണമെങ്കിൽ മ്യൂസിയോളജിയിൽ ഉന്നതപഠനം അനിവാര്യമായി വരുന്നു.

**മ്യൂസിയോളജിയിൽ ഉന്നതപഠനം എങ്ങനെ?**

ഒരു ജനതക്ക് മ്യൂസിയങ്ങളുടെ ആവശ്യകത, മ്യൂസിയം നിർമ്മാണം, മ്യൂസിയം മാനേജ്മെന്റ്, മ്യൂസിയത്തിന്റെ തനതു സ്വഭാവങ്ങൾക്കിണങ്ങുന്ന വസ്തുക്കളുടെ ശേഖരണം, ശേഖരിക്കപ്പെട്ട വസ്തുക്കളുടെ പ്രാധാന്യവും മൂല്യങ്ങളും തിരിച്ചറിയുതിലേക്കുള്ള ഗവേഷണങ്ങൾ, മ്യൂസിയം സംബന്ധിക്കുന്ന നിയമവശങ്ങൾ ശേഖരിക്കുക, ഗവേഷണം നടത്തുക, വസ്തുക്കളെ കാഴ്ചക്കാർക്ക് ആനന്ദമുളവാക്കുന്ന വിധത്തിൽ പ്രദർശിപ്പിക്കുക, മ്യൂസിയം എജ്യൂക്കേഷൻ, മ്യൂസിയം ഡോക്യുമെന്റേഷൻ, മ്യൂസിയം മാർക്കറ്റിംഗ്, മ്യൂസിയം ആർക്കിടെക്ച്ചർ, മ്യൂസിയം പബ്ലിക്കേഷൻസ്, മ്യൂസിയം സെക്യൂരിറ്റി, മ്യൂസിയം അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങളാണ് മ്യൂസിയോളജിയിൽ പഠിക്കേണ്ടി വരിക.

പലപ്പോഴും മ്യൂസിയങ്ങളെ സാംസ്കാരിക പൈതൃകങ്ങളുടെ കലവറകൾ എന്നാണ് വിശേഷിപ്പിക്കുക. ഗ്രീക്ക് ദേവതയായ മ്യൂസെസ് എന്ന പദത്തിൽ നിന്നും ഉത്ഭവിച്ച മ്യൂസിയോ (മ്യൂസെസ് ദേവതയുടെ ആരാധനാലയം) എന്ന പദമാണ് പിൽക്കാലത്ത് മ്യൂസിയം എറിയപ്പെട്ടത്. മ്യൂസെസ് ദേവതയാണ് തങ്ങളുടെ കല, സംസ്കാരം, ശാസ്ത്രം എന്നിവയെ സംരക്ഷിച്ചുപോരുന്നത് എന്ന് ഗ്രീക്കുകാർ വിശ്വസിച്ചിരുന്നു. അതുകൊണ്ട് തന്നെ ഓരോ രാജ്യത്തെയും മ്യൂസിയങ്ങൾ ആ പ്രദേശങ്ങളിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക സമ്പത്തുകളും കലാഭിരുചികളും ശാസ്ത്രീയ പരിജ്ഞാനങ്ങളും ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നു.

**തൊഴിൽ സാധ്യതകൾ**

ഭാരതത്തിൽ ഇപ്പോൾ എഴുനൂറിൽപരം മ്യൂസിയങ്ങളാണുള്ളത്. എണ്ണത്തിൽ ഇനിയും വർദ്ധനവുണ്ടാകും. മാത്രമല്ല മ്യൂസിയോളജിയിൽ ഉന്നതപഠനം വിജയകരമായി പൂർത്തിയാക്കിയവർക്ക് വിദേശത്തുള്ള മ്യൂസിയങ്ങളിലും തൊഴിൽ നൽകി വരുന്നു. മ്യൂസിയങ്ങളുടെ കൺസർവേറ്റർ, ക്യൂറേറ്റർ, ടാക്സിഡെർമിസ്റ്റ്, എജ്യൂക്കേറ്റർ, ലെയ്സൺ ഓഫീസർ, ഡോക്യുമെന്റേഷൻ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെക്യൂരിറ്റി ഓഫീസർ, റിസർച്ച് ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങിയ തസ്തികകൾ ഇവർക്കു ലഭിക്കുന്നു.

**സംസ്കൃത സർവ്വകലാശാലയിൽ എം. എ. (മ്യൂസിയോളജി)**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എം. എ. (മ്യൂസിയോളജി) കോഴ്സിന് ഇപ്പോൾ അപേക്ഷിക്കാം. സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലാണ് കോഴ്സ് നടത്തുന്നത്.

**പ്രവേശനം എങ്ങനെ?**

പ്രവേശന പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും എം.എ., എം.എസ് സി., എം.എസ്. ഡബ്ല്യൂ. കോഴ്സുകളിലേക്കുള്ള അഡ്മിഷൻ. ഈ സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയവർക്കോ സർവ്വകലാശാല അംഗീകരിക്കുന്ന മറ്റു സർവ്വകലാശാലകളിൽ നിന്നും ബിരുദം (10+ 2+ 3 പാറ്റേൺ) കരസ്ഥമാക്കിയവർക്കോ അപേക്ഷിക്കാം. ബി. എ. പ്രോഗ്രാമിന്റെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം പ്രകാരം എല്ലാ കോഴ്സുകളും പൂർത്തിയായവർക്കും ഒന്ന് മുതൽ നാല് സെമസ്റ്ററുകൾ വിജയിച്ച് (എട്ട് സെമസ്റ്റർ പ്രോഗ്രാമിന് ഒന്ന് മുതൽ ആറ് സെമസ്റ്ററുകൾ വിജയിച്ച്) 2024 ഏപ്രിൽ / മെയ് മാസങ്ങളിൽ അവസാന സെമസ്റ്റർ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം. ഇവർ 2024 ആഗസ്റ്റ് 31ന് മുൻപായി അവസാന വർഷ ഡിഗ്രി ഗ്രേഡ് ഷീറ്റ്, പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

അവസാന തീയതി ഏപ്രിൽ എഴ്

ഏപ്രിൽ 22ന് മുമ്പ് ഓൺലൈനായി അപേക്ഷിക്കണം. പ്രവേശന പരീക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുവാനും www.ssus.ac.in സന്ദർശിക്കുക. ഫോൺ: 04842699731.




ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡോ. ടി. ആര്യദേവി മെമ്മോറിയൽ എൻഡോവ്മെന്റ് പ്രോഗ്രാം കാലടി മുഖ്യക്യാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലുള്ള സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു. ഡോ. വി. കെ. ഭവാനി, പ്രൊഫ. വി. ആർ. മുരളീധരൻ, പ്രൊഫ. പി. സി. മുരളീമാധവൻ,പ്രൊഫ. കെ. മുത്തുലക്ഷ്മി എന്നിവർ സമീപം.

## സംസ്കൃതസർവ്വകലാശാലയിൽ ഡോ. ടി. ആര്യദേവി മെമ്മോറിയൽ എൻഡോവ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു

**കൊച്ചി :**ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡോ. ടി. ആര്യദേവി മെമ്മോറിയൽ എൻഡോവ്മെന്റ് പ്രോഗ്രാം കാലടി മുഖ്യക്യാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലുള്ള സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്തു. സംസ്കൃതം ന്യായവിഭാഗം മേധാവി ഡോ. വി. കെ. ഭവാനി അധ്യക്ഷയായിരുന്നു. പ്രൊഫ. പി. സി. മുരളീമാധവൻ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പ്രൊഫ. വി. ആർ. മുരളീധരൻ ഡോ. ടി. ആര്യദേവി മെമ്മോറിയൽ എൻഡോവ്മെന്റ് പ്രഭാഷണം നടത്തി. പ്രൊഫ. കെ. മുത്തുലക്ഷ്മി, പ്രൊഫ. കെ. ജി. കുമാരി, പ്രൊഫ. കെ. വി. അജിത്കുമാർ, പ്രൊഫ. കെ. യമുന, പ്രൊഫ. ജി. നാരായണൻ, ശ്രീമതി. രജിത അമ്പിളി കെ. സി., ഡോ. കെ. സി. രേണുക എന്നിവർ പ്രസംഗിച്ചു.

## എംഎസ് ധോണിയെ അവതരിപ്പിക്കുന്ന ഐപിഎൽ 2024 ബ്രാൻഡ് കാമ്പെയ്നുമായി യൂറോഗ്രിപ്പ് ടയേഴ്സ്

**ചെന്നൈ:** മുൻനിര ടു ത്രീ വീലർ ടയർ ബ്രാൻഡായ യൂറോഗ്രിപ്പ് ടയേഴ്സ്, എം എസ് ധോണിയെ ഫീച്ചർ ചെയ്യുന്ന ഐപിഎൽ 2024 ബ്രാൻഡ് കാമ്പെയ്ൻ ആരംഭിച്ചു.

ധോണിയും സിഎസ്കെ ടീം അംഗങ്ങളായ ദീപക് ചഹറും റിതുരാജ് ഗെയ്ക്വാദും ക്രിക്കറ്റ് കളിക്കുമ്പോൾ ഗ്രിപ്പും റോഡിലെ ടയറുകളുടെ പിടിയും തമ്മിൽ സമാന്തരമായി ചിത്രീകരിക്കുന്ന ലാഘവബുദ്ധിയുള്ള പരിഹാസത്തിൽ കാണപ്പെടുന്ന പരസ്യ ചിത്രങ്ങളാണ് പ്രചാരണ ഹൈലൈറ്റുകൾ. മറ്റ് ടയറുകളുമായി താരതമ്യപ്പെടുത്തുമ്പോൾ യൂറോഗ്രിപ്പിന്റെ ശക്തമായ ഗ്രിപ്പിനെക്കുറിച്ച് ചിത്രം സംസാരിക്കുന്നു, കൂടാതെ എം എസ് ധോണിയും മറ്റ് സിഎസ്കെ താരങ്ങളും ട്രാഫിക് നിയമങ്ങൾ പാലിക്കുക, ഹെൽമെറ്റ് ധരിക്കുക, ടയറുകൾ നല്ല നിലയിലാണെന്ന് ഉറപ്പാക്കുക, ബൈക്ക് പതിവായി സർവീസ് ചെയ്യുക തുടങ്ങിയ റോഡ് സുരക്ഷാ മാർഗങ്ങൾ ഓർമിപ്പിക്കുന്നു.

## സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റെ അറസ്റ്റ് വാറന്റ് നടപ്പാക്കിയില്ല; പോലീസിന് സമൻസ്

**കൊച്ചി :** ഫ് ളാറ്റ്തട്ടിപ്പ് കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള ഉത്തരവ് നടപ്പിലാക്കാത്ത നോർത്ത് പറവൂർ പോലീസ് എസ്. എച്ച് ഒ നേരിട്ട് വന്ന് കാരണം ബോധിപ്പിക്കണമെന്ന് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു. 'വിധി നടപ്പിലാക്കുന്നതിൽ ഒരു പതിറ്റാണ്ട് നീളുന്ന പോലീസിന്റെ നിഷ്ക്രിയത്വം നിരുത്തരവാദപരവും മാപ്പ് അർഹിക്കാത്തതും' ആണെന്ന് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡണ്ട് ജസ്റ്റിസ് കെ. സുരേന്ദ്രമോഹനും അംഗമായ കെ ആർ രാധാകൃഷ്ണനും ചേർന്ന ബഞ്ച് നിരീക്ഷിച്ചു.നിരവധി ഉപഭോക്താക്കളെ കബളിപ്പിച്ച പ്രതികൾക്കെതിരെ 2015 ലാണ് കമ്മീഷൻ വിധി പറഞ്ഞത്.

വിധി നടപ്പിലാക്കാത്തതിനെ തുടർന്ന് നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ മുഖേന പ്രതികൾക്കെതിരെ ജാമ്യമില്ല അറസ്റ്റ് വാറണ്ട് കമ്മീഷൻ പുറപ്പെടുവിച്ചു.വാറണ്ട് നടപ്പിലാക്കിയില്ല. തുടർന്ന് ജില്ലാ പോലീസ് മേധാവി മുഖേനെയും വാറണ്ട് അയച്ചു. ഉത്തരവ് പാലിക്കാത്തതിനെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടി റിപ്പോർട്ട് സമർപ്പിക്കാൻ എസ് എച്ച് ഓ യ്ക്ക് നിർദ്ദേശം നൽകി.തുടർന്നും പ്രതികരണം ഇല്ലാത്ത സാഹചര്യത്തിലാണ് സംസ്ഥാന കമ്മീഷൻ അസാധാരണമായ നടപടിയിലേക്ക് നീങ്ങിയത്. മെയ് 28ന് നോർത്ത് പറവൂർ എസ് എച്ച്.ഒ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി വിശദീകരണം നൽകാനാണ് നിർദേശം. ഈ ഉത്തരവ് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന പോലീസ് മേധാവിയോടും കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## മാരിയമ്മൻ കോവിലിൽ അമ്മൻകൊട മഹോൽസവം

**കൊച്ചി:** എറണാകുളം നോർത്ത് ശ്രീമാരിയമ്മൻ കോവിലിൽ അമ്മൻകൊട മഹോൽസവത്തിന് മാർച്ച് 29 വെള്ളിയാഴ്ച കൊടിയേറും, തുടർന്ന് കരകം നിറ. 30 ശനിയാഴ്ച അഗ്നി കരകം, പറയെടുപ്പ്. 31 ഞായറാഴ്ച താലംവരവ്, ഭക്തിഗാനമേള, ഏപ്രിൽ 1 തിങ്കളാഴ്ച അഗ്നി കരകം, പറയെടുപ്പ്, ഭക്തിഗാനസുധ. 2 ചൊവാഴ്ച സത്യകരകം, അഗ്നി പ്രവേശനം .3 ബുധനാഴ്ച മഞ്ഞൾ നീരാട്ട്, അന്നദാനം, നടയടപ്പ്. ഏപ്രിൽ 9 ചൊവ്വാഴ്ച നടതുറപ്പ് പറയെടുപ്പ്, പൊങ്കാല തുടങ്ങിയ പരിപാടികളോടെ ആഘോഷിക്കുന്നു.



# തേക്കടി പുഷ്പമേളയ്ക്ക് ഇന്നു തുടക്കം

**കുമളി:** ഒന്നര മാസം നീണ്ടുനിൽക്കുന്ന പതിനാറാമത് തേക്കടി പുഷ്പമേളയ്ക്ക് കല്ലറയ്ക്കൽ ഗ്രൗണ്ടിൽ ഇന്ന് തുടക്കമാകും. രാവിലെ 10 ന് മേളനഗറിലേക്ക് പ്രവേശനം ആരംഭിക്കും. വൈകുന്നേരം 5.30ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറും സംഘാടകസമിതി ചെയർപേഴ്സണുമായ രജനി ബിജു അധ്യക്ഷത വഹിക്കും. വാഴൂർ സോമൻ എംഎൽഎ ഉദ്ഘാടനം നിർവഹിക്കും.

പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.എം.സിദ്ധിഖ്, സംസ്ഥാന സഹകരണ പെൻഷൻബോർഡ് ചെയർമാൻ ആർ.തിലകൻ എന്നിവർ പ്രസംഗിക്കും. ത്രിതല പഞ്ചായത്ത്, രാഷ്ട്രീയ പാർട്ടി ജനപ്രതിനിധികൾ സാമൂഹ്യ സന്നദ്ധ പ്രതിനിതികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ചെടിച്ചട്ടികളിൽ ഇരുനൂറിൽപ്പരം ഇനം പൂച്ചെടികൾ ക്രമീകരിച്ചിട്ടുണ്ട്. ആന്തൂറിയം, ഓർക്കിഡ് , പഴവർഗ തൈകൾ, വിവിധയിനം അപൂർവ സസ്യങ്ങൾ എന്നിവയും പ്രദർശനത്തിനായി എത്തിച്ചിട്ടുണ്ട്.

മുതിർന്നവർക്കും കുട്ടികൾക്കായുമുള്ള പ്രത്യേക റൈഡുകൾ ഉണ്ട്. 47 ദിവസം നീണ്ടുനിൽക്കുന്ന മേളയിൽ വൈകുന്നേരം വിവിധ കലാ പരിപാടികൾ ഉണ്ടാകും. ഏഴ് വയസ്സ് വരെ പ്രായമായവർക്കും ഭിന്നശേഷിക്കാർ, അനാഥമന്ദിരങ്ങളിലെ അന്തേവാസികൾ എന്നിവർക്ക് പ്രവേശനം സൗജന്യമാണ്. ഉദ്ഘാടന സമ്മേളനത്തിനു ശേഷം അമൃത നൃത്തകലാഭവൻറെ നൃത്തോത്സവവും ആരണ്യകം ഫോക്ലോർ ഗ്രൂപ്പിൻറെ മന്നാൻകൂത്തും അരങ്ങേറും.

മുതിർന്നവർക്ക് പ്രവേശന ഫീസ് 60 രൂപയാണ്. രാവിലെ 9.30 മുതൽ രാത്രി 10 വരെയാണ് പ്രദർശനസമയം.



# ലോക ക്ഷയരോഗ ദിനാചരണം: ബോധവത്ക്കരണ വീഡിയോ, പോസ്റ്റർ പ്രകാശനം നടത്തി

**ബത്തേരി:** ലോക ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസും ജില്ലാ ടിബി സെന്ററും സംയുക്തമായി നിർമ്മിച്ച ക്ഷയരോഗ ബോധവത്ക്കരണ സീരീസ് അനിമേഷൻ വീഡിയോയും പോസ്റ്ററും ജില്ലാ കളക്ടർ ഡോ. രേണുരാജ് പ്രകാശനം ചെയ്തു.

ക്ഷയരോഗം തുടച്ചുനീക്കാൻ എല്ലാവരുടെയും സജീവ പങ്കാളിത്തം അത്യാവശ്യമാണെന്നും ആസ്പിരേഷണൽ ജില്ലയെന്ന നിലയിൽ ജില്ലയെ ക്ഷയരോഗ മുക്തമാക്കാൻ പരിശ്രമിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. 'അതെ, നമുക്ക് ക്ഷയരോഗത്തെ അവസാനിപ്പിക്കാൻ കഴിയും' എന്നതാണ് ലോക ക്ഷയരോഗ ദിനാചരണ സന്ദേശം. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലുടനീളം ഫീൽഡ് തല പ്രവർത്തനങ്ങളും ബോധവത്ക്കരണ പരിപാടികളും ഊർജ്ജിതമാക്കിയിട്ടുണ്ട്. ക്ഷയരോഗ പ്രതിരോധ,നിയന്ത്രണ പ്രവർത്തനങ്ങളിൽ സമഗ്ര സംഭാവന നൽകിയ ബത്തേരി താലൂക്ക് ആശുപത്രിയിലെ പൾമണോളജിസ്റ്റ് ഡോ എബ്രഹാം ജേക്കബിനെ യോഗത്തിൽ അനുമോദിച്ചു. ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന പരിപാടിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.പി ദിനീഷ്, ജില്ലാ ടി.ബി ഓഫീസർ ഡോ. ഷിജിൻ ജോൺ ആളൂർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ പ്രിയ സേനൻ, ആർദ്രം ജില്ലാ നോഡൽ ഓഫീസർ ഡോ.പി.എസ് സുഷമ, കൽപ്പറ്റ ടിബി യൂണിറ്റ് മെഡിക്കൽ ഓഫീസർ ഡോ. എം.എസ് ശുഭ, ജില്ലാ എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫീസർ ഹംസ ഇസ്മാലി, ഡെപ്യൂട്ടി ജില്ലാ എജ്യുക്കേഷൻ ആന്റ് മീഡിയ ഓഫീസർ കെ.എം മുസ്തഫ, ടെക്നിക്കൽ അസിസ്റ്റന്റുമാരായ കെ.എം ഷാജി, കെ.എച്ച് സുലൈമാൻ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് പി.കെ സലീം, എച്ച് ഐ വി ടി.ബി കോഓർഡിനേറ്റർ വി.ജെ ജോൺസൺ എന്നിവർ സംസാരിച്ചു.

# ലോകസഭാ തിരഞ്ഞെടുപ്പ്: നാമനിർദ്ദേശ പത്രികാ സമർപ്പണം നാളെമുതൽ

**തൃശൂർ:** ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക നാളെ (മാർച്ച് 28) മുതൽ ഏപ്രിൽ നാല് വരെ സമർപ്പിക്കാമെന്ന് തൃശൂർ ലോകസഭാ മണ്ഡലം വരണാധികാരിയായ ജില്ലാ കലക്ടർ വി.ആർ കൃഷ്ണതേജ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച മാനദണ്ഡപ്രകാരം പൊതു അവധിദിനങ്ങളായ മാർച്ച് 29, 31, ഏപ്രിൽ ഒന്ന് എന്നീ ദിവസങ്ങൾ ഒഴികെ പത്രിക നൽകാം. രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെയാണ് പത്രികാ സമർപ്പണത്തിനുള്ള സമയം. പത്രികകൾ ജില്ലാ വരണാധികാരിക്കോ പ്രത്യേക ചുമതല നൽകിയിട്ടുള്ള സഹവരണാധികാരിയായ തൃശൂർ സബ് കലക്ടർക്കോ സമർപ്പിക്കാം. ഒരു സ്ഥാനാർഥിക്ക് പരമാവധി നാല് സെറ്റ് പത്രികകൾ വരെ നൽകാം. നാമനിർദേശ പത്രികയും അനുബന്ധഫോമുകളും വരണാധികാരിയുടെ ഓഫീസിൽ ലഭിക്കും.

നാമനിർദ്ദേശ പത്രികാ സമർപ്പണ വേളയിൽ സ്ഥാനാർഥി ഉൾപ്പെടെ അഞ്ചുപേർ മാത്രമെ വരണാധികാരിയുടെ ഓഫീസിൽ പ്രവേശിക്കാൻ അനുവാദമുള്ളൂ. സ്ഥാനാർഥികളുടെ വാഹനങ്ങളിൽ പരമാവധി മൂന്നെണ്ണത്തിന് മാത്രമേ വരണാധികാരിയുടെ ഓഫീസിന് 100 മീറ്റർ പരിധിയിൽ പ്രവേശനമുള്ളൂ.

പൊതു വിഭാഗത്തിന് 25000 രൂപയും പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിന് 12500 രൂപയുമാണ് സ്ഥാനാർഥികൾ കെട്ടിവയ്ക്കേണ്ട തുക. ഈ ഇളവിന് ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണം.

പത്രിക സമർപ്പിക്കുന്ന ദിവസത്തിന് മുമ്പായി തിരഞ്ഞെടുപ്പ് ആവശ്യത്തിനായി സ്ഥാനാർഥികൾ പ്രത്യേകം ബാങ്ക് അക്കൗണ്ട് തുറക്കണം. ഇതിലൂടെ മാത്രമേ ഇലക്ഷൻ ചെലവ് നടത്താവൂ. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളും നാമനിർദേശ പത്രിക സമർപ്പിക്കുന്ന സമയത്ത് ലഭ്യമാക്കണം. പത്രികകളുടെ സൂക്ഷ്മ പരിശോധന ഏപ്രിൽ അഞ്ചും പിൻവലിക്കാനുള്ള തീയതി ഏപ്രിൽ എട്ടുമാണ്.

ആവശ്യമായ പൊലീസ് ഉദ്യോഗസ്ഥരെ വരണാധികാരിയുടെ ഓഫീസ് പരിസരത്ത് വിന്യസിക്കും. നാമനിർദേശ പത്രികാ സമർപ്പണത്തിന് എത്തുന്നവർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ അറിയിച്ചു.

# വനിത പോളിടെക്നിക്കിൽ അവധിക്കാല കോഴ്സുകൾ

**തിരുവനന്തപുരം:** കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ തുടർ വിദ്യാഭ്യാസ സെല്ലിന്റെ കീഴിൽ ഏപ്രിൽ 3 മുതൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ), ഡെസ്ക് ടോപ് പബ്ലിഷിംഗ് (ഡി.റ്റി.പി), ഡേറ്റ എൻട്രി, ഓട്ടോ കാഡ് (2ഡി, 3ഡി), ടാലി, വീഡിയോ എഡിറ്റിംഗ്, ഹാർഡ് വെയർ ആൻഡ് നെറ്റ്‌വർക്കിംഗ് പി.എച്ച്.പി, പൈത്തൺ പ്രോഗ്രമിങ്, വെബ് ഡിസൈനിങ്, എം.എസ് ഓഫീസ്, ഓഫീസ് ഓട്ടോമേഷൻ, സി.പ്ലസ്.പ്ലസ് പ്രോഗ്രാമിങ്, സി പ്രോഗ്രമിങ്, ജാവാ പ്രോഗ്രാമിങ്, ഹാൻഡ് എംബ്രോയിഡറി ആൻഡ് പെയിന്റിംഗ്, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷ്യൻ, ക്രാഫ്റ്റ് വർക്ക്, കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്, എന്നീ അവധിക്കാല കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

ആൺകുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് നേരിട്ടോ, 0471 2490670 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

# സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തി

**മീനങ്ങാടി:** സക്ഷമ വയനാടിൻറെ നേതൃത്വത്തിൽ ജില്ലയിൽ ആദിവാസികൾക്കായ് നടത്തിവരുന്ന സൗജന്യ നേത്രപരിശോധനാ ക്യാമ്പ് മീനങ്ങാടി വിവേകാനന്ദാ വിദ്യാമന്ദിരത്തിൽ നടന്നു. കൊച്ചിൻ ഷിപ്യാർഡിൻറെ സഹായത്തോടെ നടന്നു വരുന്ന പഴശിവിഷൻ പ്രോജക്റ്റിൻറെ ഭാഗമായുള്ള നാലാമത്തെ ക്യാമ്പിൽ ഇരുനൂറോളം വനവാസികൾക്ക് രോഗനിർണയം നടത്തി തുടർചികിൽസ ഉറപ്പ് വരുത്തി.

ഇതിനോടകം അഞ്ഞൂറോളം പേർക്ക് കണ്ണടയും നൂറോളം പേർക്ക് ശസ്ത്രക്രിയ അടക്കം തുടർ ചികിൽസയും നടത്തി വരുന്നു. ബത്തേരി ശാരദാ കണ്ണാശുപത്രിയിലെ ഡോ. ആദർശ് പരിപാടി ഉദ്ഘാടനം ചെയ്തു. സക്ഷമജില്ലാ പ്രസിഡൻറ് റ്റി.വി. രാഘവൻ അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി കെ. കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

വയനാട് ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറും സക്ഷമയുടെ ജില്ലാ വൈസ് പ്രസിഡൻറുമായ ദേവകി, ജില്ലാ മഹിളാ പ്രമുഖ് മായരുഗ്മിണി ഭാസ്കരൻ, കോഴിക്കോട് കോംട്രസ്റ്റ് കണ്ണാശുപത്രിയിലെ ക്യാമ്പ് കോർഡിനേറ്റർ സുജേഷ്, അനിൽ കരണി, സുജന പുൽപ്പള്ളി എന്നിവർ പ്രസംഗിച്ചു.




# ആസ്റ്റർ ഹോസ്പിറ്റൽസ് ഐഡിഎ കേരള യുമായി കൈകോർക്കുന്നു

**കോഴിക്കോട്:** കേരളത്തിലെ എല്ലാ ആസ്റ്റർ ഹോസ്പിറ്റൽ യൂണിറ്റുകളും ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ കേരള ബ്രാഞ്ചും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ കേരളത്തിലെ മുഴുവൻ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നിശ്ചിത ഇളവുകൾ ഉറപ്പുനൽകുന്ന ആസ്റ്റർ ഐ ഡി എ പരിവാർ എന്ന പദ്ധതിയുടെ നടത്തിപ്പിനാണ് ധാരണ ആയത്.കൂടാതെ ഐഡിഎ അംഗങ്ങൾക്ക് എല്ലാം തന്നെ കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റൽ സഹായത്തോടെ ആഘട ട്രെയിനിങ് നൽകാനും തീരുമാനമായി.വയനാട് കൽപ്പറ്റയിൽ നടന്ന ഐ ഡി എ യുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ കോഴിക്കോട് ആസ്റ്റർ മിംസ് സി.ഒ.ഒ ലുക്മാൻ പൊൻമാടത്ത്, ഐഡിഎ കേരള സെക്രട്ടറി ഡോ.ദീപു മാത്യു എന്നിവർ ചേർന്ന് ഒപ്പു വച്ചു. ഐ ഡി എ കേരള പ്രസിഡന്റ് ഡോ.ടെറി തോമസ് ഇടത്തൊട്ടി അധ്യക്ഷത വഹിച്ചു. ഡോ കൂർ മൂപ്പൻസ് മെഡിക്കൽ കോളേജ് ഡീൻ ഡോ.ഗോപകുമാരൻ കർത്ത പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വയനാട് ഐഡിഎ പ്രസിഡന്റ് ഡോ.ഷാനവാസ് പള്ളിയാൽ, ഡോ.ജോർജ് അബ്രഹാം, ഡോ.ഷാനി ജോർജ് എന്നിവർ സംസാരിച്ചു.

# അനാരോഗ്യ ഭക്ഷണ ഉപയോഗത്തിനെതിരെ ജാഗ്രത വേണം



**കൊച്ചി:** ഹോളി ഉൾപ്പെടെയുള്ള ആഘോഷവേളകളിൽ അനാരോഗ്യകരമായ ഭക്ഷണങ്ങളിൽ അമിതമായി ഇടപഴകുന്നതിനെതിരെ ജാഗ്രത പാലിക്കേണ്ടത് പ്രധാനമാണെന്ന സന്ദേശവുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ക്യാമ്പയിൻ. ആരോഗ്യത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള സ്വാധീനം ചെലുത്തുന്നവയാണ് ഇത്തരം ഭക്ഷണങ്ങളെല്ലാം.

ഈ സാഹചര്യത്തിൽ ആഘോഷവേളയിൽ ആരോഗ്യകരമായ ബദാം ഉൾപ്പെടെയുള്ള ലഘുഭക്ഷണങ്ങൾ ഉപയോഗിക്കാമെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. രുചി വർധിപ്പിക്കാനും സ്നേഹിതർക്ക് ആരോഗ്യപരമായ ചില ഗുണങ്ങൾ സമ്മാനിക്കാനും ഇതിലൂടെ കഴിയും. ഇത് സമീകൃതവും ആസ്വാദ്യകരവുമായ ആഘോഷം ഉറപ്പാക്കുകയും ചെയ്യുമെന്നും ക്യാമ്പയിൻ ഉയർത്തിക്കാട്ടുന്നു. വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ളേവിൻ, സിങ്ക് തുടങ്ങിയ 15 അവശ്യ പോഷകങ്ങളുടെ സ്രോതസായ ബദാം ഹൃദയാരോഗ്യം, ഭാരം നിയന്ത്രിക്കൽ, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കൽ എന്നിവയുൾപ്പെടെയുള്ള ആരോഗ്യ ഗുണങ്ങൾക്കും സഹായകരമാണ്.

രുചിയുടെയും പോഷണത്തിന്റെയും ആനന്ദകരമായ സംയോജനമാണ് ബദാമെന്നും, ഈ പലഹാരം ഉത്സവത്തിന്റെ ആസ്വാദനം വർധിപ്പിക്കുക മാത്രമല്ല, മധുര പലഹാരങ്ങൾക്ക് ഒരു മികച്ച ബദൽ നൽകിആരോഗ്യം വർധിപ്പിക്കുകയും ചെയ്യുമെന്ന് നടി സോഹ അലി ഖാൻ പറഞ്ഞു.

# സൈലന്റ് ഹീറോ പുരസ്കാരം 2024: രജിസ്റ്റർ ചെയ്യാനുള്ള സമയം നീട്ടി ഇമാക്

**കൊച്ചി:** ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) ഏർപ്പെടുത്തുന്ന അഞ്ചാമത് സൈലന്റ് ഹീറോ പുരസ്കാരത്തിനുള്ള രജിസ്ട്രേഷൻ മാർച്ച് 31 വരെ നീട്ടി. കേരളത്തിൽ ഇമാക് സംഘടിപ്പിച്ച പരിപാടികളുമായി സഹകരിച്ച വിവിധ പങ്കാളികൾക്കും വ്യാപാരികൾക്കുമാണ് പുരസ്കാരത്തിനർഹത. നിസ്തുലമായ സേവനങ്ങളും പരിശ്രമങ്ങളും കാഴ്ചവെച്ചവരെയാണ് വിജയികളായി തിരഞ്ഞെടുക്കുക. ഏപ്രിൽ 16,17 തീയതികളിലായി കൊച്ചി ലെമെരിഡിയനിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും.ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തന്നെ സംസ്ഥാനത്തെ ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെയും പ്രൊഫഷണലുകളുടെയും ഇടയിൽ പ്രൗഢിയേറിയ ഒരു അംഗീകാരമായി സൈലന്റ് ഹീറോ പുരസ്കാരം മാറിയിട്ടുണ്ട്. ഈ മേഖലയിലെ കഠിനാധ്വാനം, സർഗാത്മകത, പുതുമകൾ ആവിഷ്കരിക്കുന്നതിലെ മികവ് എന്നിവയെ അടിസ്ഥാനമാക്കിയാണ് വിജയികളെ നിശ്ചയിക്കുന്നത്.5 പ്രധാന വിഭാഗങ്ങളിൽ 60 ഉപവിഭാഗങ്ങളിലുമായി സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകളാണ് ജേതാക്കൾക്ക് ലഭിക്കുക. ഇവന്റ് ഡികോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട് ആൻഡ് സൊലൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ് കാറ്ററിങ് സൊല്യൂഷൻസ്, പഴ്സണലൈസ്ഡ് സൊലൂഷ്യൻസ് എന്നീ വിഭാഗങ്ങളിലാണ് മത്സരം. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ നടത്തിയ പരിപാടികൾക്കും വിവാഹങ്ങൾക്കും അപേക്ഷിക്കാം. 2500 രൂപയാണ് പ്രവേശനഫീസ്. താല്പര്യമുള്ളവർക്ക് www.emaksilentheroes.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. അല്ലെങ്കിൽ 9137404498, 8590454779 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# ജിഎസ്ടി പേയ്മെൻറ് സൗകര്യവുമായി ഡിസിബി ബാങ്ക്

**കൊച്ചി:** ജിഎസ്ടി പേയ്മെൻറ് പോർട്ടലുമായുള്ള സംയോജനം വിജയകരമായി പൂർത്തിയാക്കിയതായി ഡിസിബി ബാങ്ക് അറിയിച്ചു.

ഇതോടെ നികുതിദായകർക്ക് ഓൺലൈനായും ബാങ്കിൻറെ ബ്രാഞ്ചുകൾ വഴിയും ചരക്കു സേവന നികുതി അടക്കാനാവും. സിജിഎസ്ടി, എസ്ജിഎസ്ടി, ഐജിഎസ്ടി, യുജിഎസ്ടി തുടങ്ങിയവയെല്ലാം ജിഎസ്ടിഎൻ പോർട്ടൽ വഴി അടക്കാനാവും.

നികുതിദായകർക്ക് ജിഎസ്ടി സംബന്ധമായ എല്ലാ സേവനങ്ങളും ചുമതലകളും നിറവേറ്റാൻ പോർട്ടൽ സൗകര്യമൊരുക്കും. ഡിസിബി ബാങ്കിൻറെ ഉപഭോക്താക്കൾക്കും അല്ലാത്തവർക്കും ബാങ്ക് ബ്രാഞ്ച് ശൃംഖല വഴി ജിഎസ്ടി പേയ്മെൻറ് അടക്കാനാവും. ഇതിനു പുറമെ ഡിസിബി ബാങ്ക് ഉപഭോക്താക്കൾക്ക് ഡിസിബി ബാങ്ക് ഇൻറർനെറ്റ് ബാങ്കിങ് സൗകര്യം ഉപയോഗിച്ച് ഓൺലൈനായും അടക്കാം.

